**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉല്പാദന ചെലവിലെ വർദ്ധനവ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൽക്കരി ക്ഷാമം പരിഹരിക്കാതെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാനുള്ള കേന്ദ്ര നിർദ്ദേശം വൈദ്യുതി ഉൽപ്പാദന ചെലവിൽ നാലിലൊന്നിലധികം വർദ്ധനവ് വരുത്താൻ വഴിയൊരുക്കിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാനുള്ള കേന്ദ്ര നിർദ്ദേശം വൈദ്യുതി എനർജി ചാർജിൽ 12.23 ശതമാനം വർദ്ധനവിന് വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് കാലഘട്ടത്തിനു ശേഷം ഉണ്ടായ അധിക വൈദ്യുതി ആവശ്യകതക്കു അനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉല്പാദകർക്കു നിർദേശം നൽകുകയുണ്ടായി. പക്ഷെ ഇതനുസരിച്ച് ഉത്പാദനം കൂട്ടാൻ ഉള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ നിലയങ്ങൾക്കു ഉത്പാദനം കുറക്കേണ്ടതായി വന്നു. ഈ പ്രതിസന്ധി മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-4-2022ലെ കത്ത് പ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ ഉത്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-7-2022ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ ഉത്പാദകർക്ക് അനുവാദം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ 2022 വരെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചത് വഴി KSEBL നു വൈദ്യുതി വാങ്ങൽ ചിലവിൽ പ്രതിമാസം ശരാശരി 11.12 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട് . |
| (ബി) | ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കണമെന്ന നിബന്ധന കാരണം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി വാങ്ങുന്നതിൽ പ്രതിമാസം ഉണ്ടാകുന്ന ശരാശരി അധിക ബാധ്യത എത്രയെന്ന് അറിയിക്കാമോ; | (ബി) | ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാനുള്ള കേന്ദ്ര നിർദ്ദേശം വൈദ്യുതി എനർജി ചാർജിൽ 12.23 ശതമാനം വർദ്ധനവിന് വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് കാലഘട്ടത്തിനു ശേഷം ഉണ്ടായ അധിക വൈദ്യുതി |

| | | | |
|---|---|---|---|
| | | | ആവശ്യകതക്കു അനുസരിച്ചു ഉല്പാദനം വർദ്ധിപ്പിക്കാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉല്പാദകർക്കു നിർദേശം നൽകുകയുണ്ടായി. പക്ഷെ ഇതനുസരിച്ചു ഉത്പാദനം കൂട്ടാൻ ഉള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ നിലയങ്ങൾക്കു ഉത്പാദനം കുറക്കേണ്ടതായി വന്നു. ഈ പ്രതിസന്ധി മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-4-2022ലെ കത്ത് പ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ ഉത്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-7-2022ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ ഉത്പാദകർക്ക് അനുവാദം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ 2022 വരെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചത് വഴി KSEBL നു വൈദ്യുതി വാങ്ങൽ ചിലവിൽ പ്രതിമാസം ശരാശരി 11.12 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട് . |
| (സി) | വൈദ്യുതി നിരക്ക് കുറവുള്ള വൈദ്യുതി നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് പകരം ഉയർന്ന നിരക്ക് ഈടാക്കുന്ന വൈദ്യുതോല്പാദന നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങണമെന്ന കേന്ദ്ര നിലപാട് തിരുത്താൻ ആവശ്യപ്പെടുമോ? | (സി) | വൈദ്യുതി നിരക്ക് കുറവുള്ള നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് പകരം ഉയർന്ന നിരക്കുള്ള നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങണം എന്ന നിലപാട് കേന്ദ്രം സ്വീകരിച്ചിരുന്നു എന്നത് വസ്തുതയല്ല.<br><br>രാജ്യത്തിന്റെ വൈദ്യുതി ആവശ്യകതയുടെ മുഖ്യപങ്കും നിറവേറ്റുന്നത് താപനിലയങ്ങളിൽ നിന്നുമാണ്. കൂടാതെ ആഭ്യന്തര ഉത്പാദന ശേഷിയുടെ 51%ഉം കൽക്കരി അധിഷ്ഠിത നിലയങ്ങൾ മുഖേനയാണ്. രാജ്യത്ത് കൽക്കരി ഉത്പാദനത്തിൽ കുറവ് വന്നതും ഖനികളിൽനിന്നും കൽക്കരി താപനിലയങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ റെയിൽ റാക്കുകൾ ലഭ്യമാകാതിരുന്നതും ആഭ്യന്തര കൽക്കരിയുടെ ലഭ്യതയിൽ കാര്യമായ കുറവ് ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഉണ്ടാക്കി. അതിനോടൊപ്പം വൈദ്യുതി ആവശ്യകത ഗണ്യമായി ഉയർന്നതോട്ടുകൂടി രാജ്യത്തെ വൈദ്യുതി ലഭ്യതയിൽ കാര്യമായ കുറവ് ഉണ്ടായി. ഈ അടിയന്തിര സാഹചര്യം മറികടക്കാൻ കേന്ദ്ര സർക്കാർ മുന്നോട്ട് വച്ച നിർദ്ദേശമാണ് നിലയങ്ങളുടെ കൽക്കരി ആവശ്യകതയുടെ സാങ്കേതിക പരിമിതികളുള്ളിൽ നിന്നുകൊണ്ട്, പരമാവധി 30% വരെ ഇറക്കുമതിചെയ്ത കൽക്കരി ആഭ്യന്തര |

| | | | |
|---|---|---|---|
| | | | കൽക്കരിയോടൊപ്പം കൂട്ടിച്ചേർത്ത് ഉപയോഗിക്കണം (coal blending) എന്നത്. തുടർന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ 20%വരെ ഇറക്കുമതിചെയ്ത കൽക്കരി ഉപയോഗിക്കുന്നതിന് ഗുണഭോക്താവിന്റെ മുൻകൂർ അനുമതി ആവശ്യമില്ല എന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ ഇറക്കുമതി ചെയ്തിരുന്ന കല്ക്കരിക്കും വിപണിയിലെ വില കൂടി നിന്നിരുന്നതിനാൽ ഇത്തരം coal blending വൈദ്യുതിയുടെ വില കൂട്ടാൻ ഇടയാക്കി എന്നത് വസ്തുതയാണ്.<br><br>ആഭ്യന്തര കൽക്കരിയുടെ ലഭ്യത ഉയർന്നതിനെ തുടർന്ന് coal blending തുടരരുത് എന്ന് വിവിധ സംസ്ഥാനങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഈ കാര്യങ്ങൾ പരിഗണിച്ച് ഇറക്കുമതിചെയ്ത കൽക്കരി ആഭ്യന്തര കൽക്കരിയോടൊപ്പം കൂട്ടിച്ചേർത്ത് ഉപയോഗിക്കണം എന്ന മുൻനിർദ്ദേശം കേന്ദ്ര സർക്കാർ ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ